# കർത്താവിന്റെ ജ്ഞാനസ്നാനത്തിരുനാൾ – ജനുവരി 11, 2009

## ഇടയ സന്ദർശനം - നല്ലിടയൻ ദേവാലയം, തൃക്കണ്ണാപരും

കഴിഞ്ഞകൊല്ലം സ്റ്റീഫൻമരിയ എന്നു പേരുള്ള ഒരു വൈദിക വിദ്യാർത്ഥി ബോംബേ അതിരൂപതയുടെ ഒരു വൈദീകനായി അഭിഷിക്തനായി. ഹൃദയ സ്പർശിയായ ചില ജീവിതാനുഭവങ്ങളുടെ ഉടമയാണ് ഈ നവവൈദീകൻ. 42 കൊല്ലങ്ങൾക്കുമുൻപ് (1966) തമിഴ്നാട്ടിലെ പോണ്ടിച്ചേരിയിൽ ഒരു ഹൈന്ദവ കുടുംബത്തിലാണ് അദ്ദേഹം ജനിച്ചത്. അണ്ണാമലയ് എന്നായിരുന്നു മാതാപിതാക്കൾ നല്കിയ പേര്. ഹിന്ദുമതാചാരങ്ങളിൽ അടിയുറച്ചു വിശ്വാസിച്ചിരുന്ന ഈ കുടുംബത്തിലെ ആറു മക്കളിൽ രണ്ടാമത്തവനായിരുന്നു അണ്ണാമലയ്. ഹൈന്ദവരല്ലാതെ മറ്റു മതവിശ്വാസികളാരും തന്നെ ആ ഗ്രാമത്തിലുണ്ടായിരുന്നില്ല. പതിനാലു വയസ്സായപ്പോൾ സ്കൂളിൽ പഠിച്ചിരുന്ന കാലത്താണ് ആദ്യമായി ഡാനിയൽ ജയരാജ് എന്ന ഒരു ക്രിസ്തീയബാലനെ അവൻ പരിചയപ്പെടുന്നത്. അവർ സ്നേഹിതരായി.

ഡാനിയേലാകട്ടെ ഒരു പാവപ്പെട്ട ചെറ്റക്കുടിലിലാണ് ജനിച്ചുവളർന്നത്. വളരെ കഷ്ടപ്പെട്ട് പണിയെടുത്തിരുന്ന അവന്റെ മാതാപിതാക്കൾ സ്കൂളിൽ ഫീസുകൊടുക്കുവാനായി 300 രൂപ ഡാനിയേലിനെ ഏല്പിച്ചു. എന്നാൽ ഈ തുക പിറ്റേദിവസം തിരികെ കൊടുക്കാമെന്നേറ്റ് മറ്റൊരു വിദ്യാർത്ഥി ഒരു അത്യാവശ്യ കാര്യത്തിനായി മേടിച്ചു. പിറ്റേദിവസം കാശു ചോദിച്ചപ്പോൾ അത് തിരികെകൊടുക്കുവാൻ ആ വിദ്യാർത്ഥി തയ്യാറായില്ല. ഡാനിയേൽ ഈ വിവരം തന്റെ കൂട്ടുകാരൻ അണ്ണാമലയെ അറിയിച്ചു. അണ്ണാമലയുടെ രക്തം തിളച്ചു. ''അതൊന്നു ചോദിക്കട്ടെ. അവൻ കാശു തിരിച്ചു തന്നില്ലെങ്കിൽ അവന്റെ എല്ല് ഞാൻ ഒടിക്കും.'' ഇതായിരുന്നു അണ്ണാമലയുടെ പ്രതികരണം. അതിനു ഡാനിയേൽ കൊട്ടുത്ത മറുപടി അണ്ണാമലയെ വളരെയേറെ വിസ്മയിപ്പിച്ചു. ''കുഴപ്പത്തിനൊന്നും പോകേണ്ട യേശു എല്ലാവരെയും സ്നേഹിക്കുകയും എല്ലാവരോടും ക്ഷമിക്കുകയും ചെയ്യുന്നു. അതുകൊണ്ട് ഞാനും ക്ഷമിക്കുന്നു.'' അന്നാണ് ആദ്യമായി അണ്ണാമലൈ യേശുവിന്റെ പേരു കേൾക്കുന്നത്. അടുത്ത ഒരു ദിവസം അവൻ ഡാനിയേലിന്റെ ഭവനം സന്ദർശിച്ചപ്പോൾ അവന്റെ മാതാപിതാക്കളും പറഞ്ഞത് ഇതുതന്നെയാണ്. ''യേശു എല്ലാവരോടും ക്ഷമിക്കുന്നു. ഞങ്ങളും ക്ഷമിക്കുന്നു.'' ഡാനിയേലിന്റെയും കുടുംബത്തിന്റെയും ഈ സമീപനരീതി യേശു ആരാണെന്ന് അറിയാനുള്ള ജിജ്ഞാസയും ആഗ്രഹവും അണ്ണാമലയിൽ ജനിപ്പിച്ചു.

ഇരുപത്തിനാലു വയസ്സായപ്പോൾ (1990) പഠനമെല്ലാം പൂർത്തിയാക്കി ഒരു ജോലി അന്വേഷിച്ച അണ്ണാമലൈ ബോംബയിലെത്തി. അവിടെ മലാട് എന്ന സ്ഥലത്തെ ലൂർദ്ദ് മാതാവിന്റെ പേരിലുള്ള ഒരു ദേവാലയത്തിനടുത്താണ് ഈ യുവാവ് താമസിച്ചിരുന്നത്. പലപ്പോഴും ആ ദേവാലയത്തിൽ ചെന്ന് ''ദൈവമേ എല്ലാവരെയും സ്നേഹിക്കുന്ന, എല്ലാവരോടും ക്ഷമിക്കുന്ന യേശു ആരാണെന്നറിയാൻ എന്നെ സഹായിക്കേണമേ'' എന്ന് പ്രാർത്ഥിക്കുമായിരുന്നു. ഭാഗ്യത്തിന് അവിടെ തമിഴ്നാട്ടിൽ നിന്നുള്ള ധാരാളം കത്തോലിക്കരും അവരുടെ ചുമതലവഹിക്കുന്ന ലൂർദ്ദ് സ്വാമി എന്ന ഒരു വൈദികനും ഉണ്ടായിരുന്നു. അദ്ദേഹത്തെ ചെന്നു കണ്ട് യേശുവിനെക്കുറിച്ച് കൂടുതൽ അറിവു സമ്പാദിക്കുവാനും മതബോധന ക്ലാസ്സുകളിൽ സംബന്ധിക്കുവാനും തുടങ്ങി.

രണ്ടുകൊല്ലം കഴിഞ്ഞ് (1992) ഇരുപത്തി ആറാം വയസ്സിൽ ജ്ഞാനസ്നാനം സ്വീകരിച്ച് ക്രിസ്തുമതത്തിൽ ചേരാനുള്ള തന്റെ നിശ്ചയം മാതാപിതാക്കളെ അറിയിച്ചപ്പോൾ കുടുംബാംഗങ്ങൾ മാത്രമല്ല, ഹിന്ദുമതത്തിൽ അടിയുറച്ചുവിശ്വസിച്ചിരുന്ന ഗ്രാമവാസികളാകമാനം ശക്തമായി പ്രതിഷേധിച്ചു. അപ്പൻ പറഞ്ഞു: ''എനിക്ക് ഇനി ഇങ്ങനെ ഒരു മകനില്ല. എന്റെ മകൻ മരിച്ചുപോയി''. രണ്ടുകൊല്ലത്തോളം കുടുംബത്തിൽ നിന്ന് ഒറ്റപ്പെട്ട് ഉറ്റവരും ഉടയവരുമില്ലാതെ ജീവിക്കേണ്ടിവന്നു. ആ കാലയളവിൽ മാതാവിന്റെ രൂപത്തിന് മണിക്കൂറുകൾ ചിവഴിച്ച് പ്രാർത്ഥിക്കുമായിരുന്നു. കുടുംബാംഗങ്ങൾ നിഷേധിച്ച സ്നേഹവും സന്തോഷവും കരുതലും മാതാവിൽ നിന്ന് ധാരാളം ലഭിച്ചതായിട്ടാണ് അദ്ദേഹം പറയുന്നത്. സ്റ്റീഫൻമരിയ എന്ന പുതിയ പേരു സ്വീകരിച്ച അണ്ണാമലയുടെ വിലയിരുത്തലിൽ ജ്ഞാനസ്നാനം സ്വീകരിച്ച ദിവസമായിരുന്നു അദ്ദേഹത്തിന്റെ ജീവിതത്തിലെ ഏറ്റവും ഭാഗ്യപൂർണ്ണമായ ദിവസം.

നാലു കൊല്ലം കഴിഞ്ഞ് (1996) ഇരുപത്തിയെട്ടാം വയസ്സിൽ ഒരു വൈദീകനാകാനുള്ള തീരുമാനത്തോടെ സെമിനാരിയിൽ പ്രവേശിച്ചു. വീട്ടുകാരുടെയും നാട്ടുകാരുടെയും എതിർപ്പു ഒന്നുകൂടി രൂക്ഷമായി. എങ്കിലും അവർക്കെല്ലാം വേണ്ടി അദ്ദേഹം മുട്ടിപ്പായി ദൈവത്തോട് പ്രാർത്ഥിച്ചിരുന്നു. പൗരോഹിത്യ സ്വീകരണത്തിനു മുമ്പ് ഒരു ദിവസം രണ്ടും കല്പിച്ച് അദ്ദേഹം വീട്ടിൽ പോകുവാൻ തീരുമാനിച്ചു. കുടുംബാംഗങ്ങൾ അദ്ദേഹത്തെ വീട്ടിൽ സ്വീകരിച്ചുവെങ്കിലും അദ്ദേഹത്തോട് ഒരു വാക്കുപോലും ഉരിയാടാൻ കൂട്ടാക്കുമായിരുന്നില്ല. ആരും സംസാരിക്കാനില്ലാതായപ്പോൾ പ്രാർത്ഥനയിലൂടെ ദൈവത്തോട് സംസാരിക്കുവാനും തീക്ഷണതയോടെ കുടുംബാംഗങ്ങൾക്ക് വേണ്ടി അപേക്ഷിക്കുവാനും അദ്ദേഹം ധാരാളം സമയം ചിലവഴിച്ചു.

വീട്ടിനുള്ളിൽ പ്രാർത്ഥിക്കാനുള്ള സൗകര്യങ്ങളൊന്നുമില്ലല്ലോ. അതുകൊണ്ട് പാടത്തിന്റെ ഏതെങ്കിലും ഒരു മൂലയിൽ ചെന്നിരുന്ന് ആരും കാണാതെ പ്രാർത്ഥിക്കാൻ ശ്രമിക്കുകയാണ് അദ്ദേഹം ചെയ്തിരുന്നത്. എന്നാൽ അപ്പൻ അദ്ദേഹത്തെ സൂക്ഷിച്ചു വീക്ഷിക്കുന്നുണ്ടായിരുന്നു. ഒരു ദിവസം പ്രാർത്ഥിച്ചുകൊണ്ടിരുന്ന അദ്ദേഹത്തിന്റെ പക്കലേയ്ക്ക് അപ്പൻ വന്ന് വളരെ ശാന്തനായി ഇപ്രകാരം പറഞ്ഞു: ''ദൈവം പല പേരുകളിലാണ് അറിയപ്പെടുന്നത്. യേശു എന്ന പേരിലാണ് നീ ദൈവത്തെ ആരാധിക്കാൻ ഇഷ്ടപ്പെടുന്നതെങ്കിൽ അങ്ങനെ ചെയ്തുകൊള്ളുക.'' അപ്പന്റെ ഈ തീരുമാനം വളരെ വേഗം തന്നെ വീട്ടുകാരും നാട്ടുകാരും അംഗീകരിച്ചു. അങ്ങനെ എല്ലാവരുടെയും ആശീർവാദത്തോടുകൂടിയാണ് അദ്ദേഹം പുരോഹിതനായി അഭിഷിക്തനായത്.

ഇന്ന് സാർവ്വത്രിക സഭയോടൊപ്പം യേശുവിന്റെ ജ്ഞാനസ്നാനത്തിരുനാളാണ് നാം ആഘോഷിക്കുന്നത്. ഇന്നത്തെ സുവിശേഷത്തിൽ നാം വായിച്ചുകേട്ടതിതാണ്. പാപമോചനത്തിനായുള്ള അനുതാപത്തിന്റെ ജ്ഞാനസ്നാനം സ്വീകരിക്കുവാൻ തന്റെ പക്കലേക്ക് വന്ന ജനകൂട്ടത്തോട് സ്നാപകയോഹന്നാൻ പറഞ്ഞു: ''എന്നെക്കാൾ വലിയവൻ എന്റെ പിന്നാലെ വരുന്നു... ഞാൻ നിങ്ങൾക്ക് ജലം കൊണ്ടു സ്നാനം നൽകി. അവനോ പരിശുദ്ധാത്മാവിനാൽ നിങ്ങൾക്ക് സ്നാനം നൽകും'' (മാർക്ക് 1, 7-8). വലിയവനായ യേശു സ്വയം എളിമപ്പെട്ടുകൊണ്ട്, ശൂന്യനായിക്കൊണ്ട്, ചെറിയവനായ യോഹന്നാനിൽ നിന്നും സ്നാനം സ്വീകരിക്കുന്നു. അതിനുശേഷം പരിസരമെല്ലാം മറന്ന് കൈകൾ കൂപ്പി പ്രാർത്ഥനാ നിരതനായി ജോർദ്ദാൻ നദിയിൽ നിൽക്കുന്ന യേശുവിനെയാണ് ലൂക്കായുടെ

സുവിശേഷത്തിൽ ചിത്രീകരിച്ചിരിക്കുന്നത് (ലൂക്കാ. 3, 21). പ്രാർത്ഥന മുനയുള്ളതാണ്. യേശുവിന്റെ പ്രാർത്ഥന സ്വർഗ്ഗം തുളച്ചുകയറി. അങ്ങനെ സ്വർഗ്ഗം തുറക്കപ്പെട്ടപ്പോൾ അവിടെ നിന്നും ദൈവത്തിന്റെ ഏറ്റവും വലിയ ദാനമായ പരിശുദ്ധാത്മാവ് പ്രാവിന്റെ രൂപത്തിൽ യേശുവിൽ വന്ന് ആവസിക്കുന്നത് യോഹന്നാൻ കണ്ടു. പരിശുദ്ധാത്മാവിനാൽ നിറഞ്ഞ യേശുവിനെ നോക്കി ദൈവപിതാവ് പറഞ്ഞു: ''നി എന്റെ പ്രിയപുത്രൻ നിന്നിൽ ഞാൻ പ്രസാദിച്ചിരിക്കുന്നു.'' ഇനി അങ്ങോട്ട് പരിശുദ്ധാത്മാവിനാൽ നിറഞ്ഞവനും പരിശുദ്ധാത്മാവിനാൽ നയിക്കപ്പെടുന്നവനുമായ യേശുവിനെയാണ് സുവിശേഷത്തിലുടനീളം നമുക്ക് കാണാൻ സാധിക്കുന്നത്. തന്നിൽ വിശ്വസിച്ച എല്ലാവർക്കും യേശു പകർന്നുകൊടുക്കുന്നതും പരിശുദ്ധാത്മാവിന്റെ ഈ നിറവാണ്. അതുകൊണ്ടാണ് യോഹന്നാൻ പറഞ്ഞത്: ''അവനോ പരിശുദ്ധാത്മാവിനാൽ നിങ്ങൾക്ക് സ്നാനം നല്കും.''

ജ്ഞാനസ്നാനം സ്വീകരിക്കുന്നവരിലെല്ലാം എന്താണ് സംഭവിക്കുന്നതെന്ന് ദൈവപുത്രനായ യേശു സ്വന്തം മാതൃകയിലൂടെ നമുക്ക് കാണിച്ചുതരുന്നു. ദൈവരാജ്യത്തിൽ പ്രവേശിക്കുവാൻ, രക്ഷപ്രാപിക്കുവാൻ അനുതപിച്ച് സുവിശേഷത്തിൽ വിശ്വസിക്കണമെന്നാണല്ലോ, (cfr. മാർക്ക്. 1, 15). യേശു നമ്മോടാവശ്യപ്പെടുന്നത്. യേശുവിന്റെ പ്രബോധനങ്ങളിൽ വിശ്വസിച്ചുകൊണ്ട് പാപവഴികൾ ഉപേക്ഷിക്കാമെന്ന ദൃഢനിശ്ചയത്തോടുകൂടി ജ്ഞാനസ്നാനം സ്വീകരിക്കുന്നവരെല്ലാം ആദ്യമായി അവരുടെ എല്ലാ പാപങ്ങളിൽ നിന്നും വിമുക്തരാകുന്നു; പാപപ്രേരണകളെ നേരിടാനും അതിജീവിക്കാനുമുള്ള ശക്തി സംഭരിക്കുന്നു. ഇങ്ങനെ ഹൃദയശുദ്ധിവരുത്തുന്നവരെല്ലാം തീക്ഷണതയോടെ പ്രാർത്ഥിക്കുവാൻ പ്രാപ്തരായിത്തീരും. മുനയുള്ള ഇവരുടെ പ്രാർത്ഥന സ്വർഗ്ഗം തുളച്ചുകയറുമ്പോൾ അവിടെനിന്നും പരിശുദ്ധാത്മാവ് ഇറങ്ങിവന്ന് ഇവരുടെമേൽ ആവസിക്കും. പരിശുദ്ധാത്മാവ് കന്യകാമറിയത്തിൽ വന്ന് ആവസിച്ചപ്പോഴാണല്ലോ ദൈവപുത്രനായ യേശുവിന് രൂപവും ഭാവവും കൈവന്നത്. ഇങ്ങനെ ജ്ഞാനസ്നാനം സ്വീകരിക്കുന്ന ഓരോ വ്യക്തിയിലും പരിശുദ്ധാത്മാവ് വന്നുനിറയുമ്പോൾ അയാൾക്കും ക്രിസ്തുവിന്റെ രൂപവും ഭാവവും കൈവരുന്നു; ക്രിസ്തുവിന്റെ മൗതീകശരീരമായ സഭയുടെ അംഗമായിത്തീരുന്നു; ദൈവപുത്രൻ അഥവാ ദൈവപുത്രി എന്ന നിലയിൽ ദൈവത്തിന്റെ രാജ്യത്തിന്; സ്വർഗ്ഗരാജ്യത്തിന് അവകാശിയുമായിത്തീരുന്നു. ഇങ്ങനെ പരിശുദ്ധാത്മാവിന്റെ ആവാസത്തിലൂടെ തന്റെ പുത്രന്റെ രൂപത്തിലും സാദൃശ്യത്തിലുമായിത്തീരുന്ന ഇവരോരോരുത്തരേയും നോക്കി ദൈവപിതാവ് അങ്ങേയറ്റത്തെ സംപ്രീതിയോടെ പറയും: ''ഇവൻ എന്റെ പ്രിയപുത്രനാകുന്നു; ഇയാളിൽ ഞാൻ സംപ്രീതനായിരിക്കുന്നു.'' ദൈവപിതാവിന്റെ ഈ സംപ്രീതിയും പരിശുദ്ധാത്മാവിന്റെ ഈ നിറവും യേശുവിനെപ്പോലെ മറ്റുള്ളവരുമായി പങ്കുവച്ച് എല്ലാവരേയും യേശുവിന്റെ മൗതീക ശരീരമായ സഭാ സമൂഹത്തിലേയ്ക്ക് ഉൾച്ചേർക്കുവാനുള്ള ഒരു ദൗത്യമാണ്, അങ്ങനെ സഭയെ ഒരു സ്നേഹസമൂഹമായി, വിശുദ്ധരുടെ കൂട്ടായ്മയായി പണിതുയർത്തുവാനുള്ള ഒരു ദൗത്യമാണ് ജ്ഞാനസ്നാനം സ്വീകരിക്കുന്നവരെല്ലാം എറ്റെടുക്കുന്നത്.

എന്നാൽ ഇന്ന് ജ്ഞാനസ്നാനം സ്വീകരിക്കുന്നവരെല്ലാം ഈ കൂദാശയിലൂടെ തങ്ങൾ സ്വീകരിക്കുന്ന കൃപാവരങ്ങളെക്കുറിച്ചും ഏറ്റെടുക്കുന്ന ദൗത്യത്തെക്കുറിച്ചും ബോധവാന്മാരാണോ? ജ്ഞാനസ്നാനം സ്വീകരിച്ചവരും സ്വീകരിക്കാത്തവരും തമ്മിൽ എന്താണ് വ്യത്യാസം? അങ്ങനെ ഒരു വ്യത്യാസവുമില്ലെങ്കിൽ പിന്നെ ജ്ഞാനസ്നാനം സ്വീകരിച്ചതുകൊണ്ട്, അതിലൂടെ ക്രൈസ്തവരായിത്തീർന്നതുകൊണ്ട് എന്തു പ്രയോജനം?

ജ്ഞാനസ്നാനത്തിലൂടെ പാപമോചനം, പരിശുദ്ധാത്മാവിന്റെ നിറവ്, ദൈവപുത്രസ്ഥാനം, വിശുദ്ധരുടെ സമൂഹമായ സഭയുടെ അംഗം, സ്വർഗ്ഗരാജ്യത്തിന് അവകാശി തുടങ്ങിയ വിലയേറിയ വരദാനങ്ങളാണ് നമുക്ക് ലഭിക്കുന്നത്. ഈ ദാനങ്ങൾ ദൈവം നമുക്കു തന്നതുകൊണ്ടു മാത്രമായില്ല അവ നമ്മിൽ ഫലപ്രദമാകണമെങ്കിൽ ഈ ദാനങ്ങൾ സ്വീകരിക്കുവാനും അവ പ്രയോജനപ്പെടുത്തുവാനും പരിപോഷിപ്പിക്കുവാനും വേണ്ട നല്ല മനസ്സും അർപ്പണമനോഭാവവും തമ്മിലുണ്ടാവണം. ഇങ്ങനെ ദൈവവും നമ്മളും സഹകരിച്ച് പ്രവർത്തിച്ചെങ്കിൽ മാത്രമേ ജ്ഞാനസ്നാനത്തിന്റെ വരദാനങ്ങൾ നമ്മിൽ ഫലമണിയുകയുള്ളൂ. ഇന്ന് ജ്ഞാനസ്നാനത്തെ നമ്മിൽ നല്ലൊരു ഭാഗവും വെറുമൊരു ചടങ്ങായി മാത്രം കാണുന്നു. മിക്കവാറും നമ്മളെല്ലാവരും തന്നെ ശിശുക്കളായിരിക്കുമ്പോഴാണ് ജ്ഞാനസ്നാനം സ്വീകരിച്ചിട്ടുള്ളത്. ശിശുക്കൾക്ക് വിശ്വാസ സത്യങ്ങൾ ഏറ്റുപറയുവാനോ ഉത്തരവാദിത്വങ്ങൾ ഏറ്റെടുക്കുവാനോ ഉള്ള കഴിവില്ല. മാതാപിതാക്കളുടെയും ജ്ഞാനമാതാപിതാക്കളുടെയും വിശ്വാസത്തിലാണ്, അവർ നൽകുന്ന ഉറപ്പിലാണ് സഭ ശിശുക്കൾക്ക് ജ്ഞാനസ്നാനം നൽകാറുള്ളത്. എന്നാൽ ഈ ചടങ്ങു കഴിയുമ്പോൾ മക്കളെ വിശ്വാസത്തിൽ വളർത്തുന്ന കാര്യത്തിൽ, മാതാപിതാക്കളും ഉത്തരവാദിത്വപ്പെട്ടവരും വേണ്ടത്ര ശ്രദ്ധിക്കാറില്ല. ഇവരൊക്കെ തങ്ങളുടെ കടമ ഗൗരവപൂർവ്വം നിർവ്വഹിച്ചിരുന്നെങ്കിൽ മറ്റുള്ളവരിൽ നിന്നും വ്യത്യസ്തരായി ജീവിക്കുവാൻ, എല്ലാവർക്കും മാതൃകയായി ജീവിക്കുവാൻ വിശുദ്ധരുടെ സ്നേഹസമൂഹമായി സഭയെ പണിതുയർത്തുവാൻ ജ്ഞാനസ്നാനം സ്വീകരിച്ച എല്ലാവർക്കും സാധിക്കുമായിരുന്നു.

തുടക്കത്തിൽ ഞാൻ സൂചിപ്പിച്ച അണ്ണാമലയ് എന്ന ബാലന്റെ ജീവിതാനുഭവത്തിലേക്കുതന്നെ നമുക്ക് ഒരു നിമിഷം മടങ്ങിവരാം. അയാളുടെ സഹപാഠി ഡാനിയേൽ എന്ന ബാലൻ ഒരു ദരിദ്രകുടുബത്തിലെ വെറുമൊരു സാധാരണക്കാരനായിരുന്നു. എങ്കിലും ജ്ഞാനസ്നാനത്തിലൂടെ തങ്ങൾ സ്വീകരിച്ച ക്രിസ്തീയ വിശ്വാസത്തെക്കുറിച്ച് അവർക്ക് ആഴമായ അവബോധമുണ്ടായിരുന്നു. ഒരു പ്രതിസന്ധിയുടെ അവസരത്തിൽ, കടം കൊടുത്ത മുന്നൂറു രൂപയും നഷ്ടപ്പെടുമെന്നറിഞ്ഞിട്ടും കുഴപ്പത്തിനൊന്നും പോകാതെ തങ്ങളുടെ ക്രിസ്തീയ വിശ്വാസത്തിന് മുൻതൂക്കം നൽകുന്നു. കടംമേടിച്ച വിദ്യാർത്ഥിയുടെ എല്ല് തല്ലിത്തകർക്കുമെന്ന് പറഞ്ഞ അണ്ണാമലയോട് ഡാനിയേലും കുടുംബവും പറഞ്ഞതിതാണ് : ''യേശു എല്ലാവരേയും സ്നേഹിക്കുകയും ക്ഷമിക്കുകയും ചെയ്യുന്നു. അതുപോലെ ഞങ്ങളും ക്ഷമിക്കുന്നു''. ഇത് നല്ലൊരു സുവിശേഷ പ്രഘോഷണമായിരുന്നു. അണ്ണാമലയ് എന്ന ബാലനെ അത് വളരെയേറെ സ്പർശിച്ചു. ക്രമേണ പാവപ്പെട്ട ആ കുടുംബത്തിന്റെ ക്രൈസ്തവസാക്ഷ്യം യേശുവിനെക്കുറിച്ച് കൂടുതൽ അറിയാനുള്ള ആഗ്രഹം ഒരു ഹൈന്ദവ ബാലനിൽ ജനിപ്പിക്കുകയും, ആ അറിവ് ജ്ഞാനസ്നാനത്തിലേയ്ക്കും പൗരോഹിത്യത്തിലേയ്ക്കും അവനെ നയിക്കുകയും ചെയ്യുന്നു. ഒരു സാധാരണ ബാലനും അവന്റെ പാവപ്പെട്ട കുടുംബത്തിനും തങ്ങളുടെ വിശ്വാസത്തിന് ഇപ്രകാരമൊരു സാക്ഷ്യം വഹിക്കാൻ സാധിച്ചെങ്കിൽ നമ്മളൊക്കെ മനസ്സുവച്ചിരുന്നുവെങ്കിൽ എത്രയേറെ ആളുകളുടെ മുമ്പിൽ ക്രിസ്തുവിന് സാക്ഷ്യം വഹിക്കുവാനും സ്നേഹസമൂഹമായി സഭയെപടുത്തുയർത്തുവാനും വിശുദ്ധീകരിക്കുവാനും സാധിക്കുമായിരുന്നു.

മറ്റൊരു കാര്യം. ഇരുപത്തിയാറാം വയസ്സിൽ സ്റ്റീഫൻ മരിയ എന്ന പേരിൽ ജ്ഞാനസ്നാനം സ്വീകരിച്ചപ്പോൾ അണ്ണാമലയ് എന്ന യുവാവ് പറഞ്ഞു: ''ഞാൻ ജ്ഞാനസ്നാനം സ്വീകരിച്ച ദിവസമാണ് എന്റെ ജീവിതത്തിലെ ഏറ്റവും ഭാഗ്യപൂർണ്ണമായ ദിവസം''. കാരണം

ജ്ഞാനസ്നാനത്തിലൂടെ തനിക്ക് ലഭിച്ച അവർണ്ണനീയമായ ദൈവിക ദാനങ്ങളെക്കുറിച്ചുള്ള അവബോധം ആ യുവാവിനുണ്ടായിരുന്നു. വെള്ളത്തിൽ മുങ്ങുകയും അതിൽനിന്നും പൊങ്ങുകയും ചെയ്യുന്നതാണല്ലോ ജ്ഞാനസ്നാനം. വെള്ളത്തിൽ മുങ്ങുന്നത് പാപത്തെ സംബന്ധിച്ചിടത്തോളം നമ്മുടെ മരണത്തെയും വെള്ളത്തിൽ നിന്ന് പൊങ്ങുന്നത് ക്രിസ്തുവിനോടൊപ്പം വിശുദ്ധമായ ജീവിതത്തിലേയ്ക്കുള്ള നമ്മുടെ ഉയിർത്തെഴുന്നേല്പിനെയും സൂചിപ്പിക്കുന്നു. ജ്ഞാനസ്നാനാവസരത്തിൽ നാം സ്വീകരിക്കുന്ന വെള്ളവസ്ത്രം നമുക്ക് ലഭിച്ച ഹൃദയപരിശുദ്ധിയുടെയും, കത്തുന്ന മെഴുകുതിരി ക്രിസ്തുവിനോടൊപ്പം നാമും ലോകത്തിന്റെ പ്രകാശമായി രൂപാന്തരപ്പെടുന്നുവെന്ന വസ്തുതയുടെയും, തൈലാഭിഷേകം നമ്മിൽ സംഭവിക്കുന്ന പരിശുദ്ധാത്മാവിന്റെ നിറവിന്റെയും അടയാളങ്ങളാണ്. ജ്ഞാനസ്നാനത്തിലൂടെ തന്നിൽ സംഭവിച്ച ഈ മാറ്റങ്ങളെക്കുറിച്ചുള്ള അവബോധമാണ് കൃതജ്ഞതാഭരിതമായ ഒരു ഹൃദയത്തോടെ ജ്ഞാനസ്നാനം സ്വീകരിച്ച ദിവസത്തെ ജീവിതത്തിലെ ഏറ്റവും ഭാഗ്യപൂർണ്ണമായ ദിവസമായി വിശേഷിപ്പിക്കുവാൻ അണ്ണാമലയ് എന്ന യുവാവിനെ പ്രേരിപ്പിച്ചത്. ഈ പശ്ചാത്തലത്തിൽ ജ്ഞാനസ്നാനത്തിലൂടെ നമുക്ക് ലഭിച്ച കൃപാവരങ്ങളെ എത്രമാത്രം വിലമതിക്കുന്നുവെന്ന് നമ്മളും ആത്മപരിശോധന ചെയ്ത് നോക്കേണ്ടിയിരിക്കുന്നു.

ഈ യുവാവിന്റെ ജീവിതത്തിൽ നാം ശ്രദ്ധിക്കേണ്ട മറ്റൊരു കാര്യം അദ്ദേഹത്തിന്റെ പ്രാർത്ഥനാനുഭവമാണ്. ഹൃദയപരിശുദ്ധിയുടെ അടയാളമായ ജ്ഞാനസ്നാനം സ്വീകരിച്ച ശേഷം സ്വർഗ്ഗത്തിലേയ്ക്ക് നോക്കുന്ന യേശുവിന്റെമേൽ ദൈവത്തിന്റെ ഏറ്റവും വലിയ ദാനമായ പരിശുദ്ധാത്മാവ് വന്ന് ആവസിക്കുന്നു. ജ്ഞാനസ്നാനത്തിലൂടെ ഹൃദയപരിശുദ്ധി വരുത്തിയവരുടെ പ്രാർത്ഥനയും ഇതുപോലെ മുനയുള്ളതാണെന്ന് ഞാൻ പറഞ്ഞുവല്ലോ. അത് സ്വർഗ്ഗം തുളച്ചുകയറുകയും അമൂല്യമായ ദൈവാനുഗ്രഹങ്ങൾ പ്രാപിക്കുവാൻ കാരണമാവുകയും ചെയ്യും.

ജ്ഞാനസ്നാനം സ്വീകരിച്ചതുകാരണം വീട്ടുകാരും നാട്ടുകാരും തന്നിൽ നിന്നകന്നപ്പോൾ, തന്നെ വെറുത്തപ്പോൾ, പ്രാർത്ഥനയിലാണ് അണ്ണാമലയ് അഭയം കണ്ടെത്തിയത്. ആരൊക്കെ തന്നെ ഉപേക്ഷിച്ചാലും വെറുത്താലും ദൈവം തന്നെ ഒരിക്കലും ഉപേക്ഷിക്കുകയില്ലെന്നും വെറുക്കുകയില്ലെന്നും അദ്ദേഹത്തിന് അറിയാമായിരുന്നു. ഉറ്റവരും ഉടയവരും ഒരക്ഷരം പോലും തന്നോട് ഉരിയാടാൻ കൂട്ടാക്കാത്തപ്പോഴും പ്രാർത്ഥനയിലൂടെ ദൈവത്തോട് സംഭാഷണം ചെയ്യാൻ ഈ യുവാവ് മണിക്കൂറുകൾ ചിലവഴിക്കുമായിരുന്നു. നിരാശയിലാഴ്ന്നുപോകാവുന്ന ഇത്തരം സന്ദർഭങ്ങളിൽ വളരെയേറെ ആശ്വാസമാണ് പ്രാർത്ഥനാനുഭവം അദ്ദേഹത്തിന് പ്രദാനം ചെയ്തിരുന്നത്. ആരെയും വെറുക്കാതെ എല്ലാം സഹിച്ചുകൊണ്ട് വീട്ടുകാരെയും നാട്ടുകാരെയും സന്ദർശിക്കാൻ അദ്ദേഹത്തെ പ്രേരിപ്പിച്ചതും ഈ പ്രാർത്ഥനാനുഭവം തന്നെയാണ്. അവസാനം ഒരു പാടത്തിന്റെ മൂലയിലിരുന്ന് തീക്ഷണതയോടെ പ്രാർത്ഥിക്കുന്ന മകനെ കണ്ടപ്പോഴാണ് അപ്പന്റെയും കുടുംബാംഗങ്ങളുടെയും നാട്ടുകാരുടെയും മനസ്സുമാറിയതും ഇഷ്ടമുള്ള വിശ്വാസമനുസരിച്ച് ജീവിക്കാനുള്ള സ്വാതന്ത്ര്യം ഈ യുവാവിന് നൽകാൻ അവരെ പ്രേരിപ്പിച്ചതും. ജ്ഞാനസ്നാനത്തിലൂടെ ദൈവത്തിന് പ്രിയപ്പെട്ട അവിടുത്തെ മക്കളായിത്തീരുന്ന നമ്മുടെ പ്രാർത്ഥനകൾ, അവ നമുക്ക് ഉപകാരപ്രദമാണെങ്കിൽ ഒരിക്കലും ദൈവം നിരസിക്കുകയില്ല. എന്ന വിശ്വാസത്തോടുകൂടി പ്രാർത്ഥിക്കുവാൻ നമുക്ക് സാധിക്കുന്നുണ്ടോ?

ഇനി അണ്ണാമലയുടെ വീട്ടുകാരെയും നാട്ടുകാരെയും കുറിച്ച് ഒരു വാക്ക്. അടിയുറച്ച ഹൈന്ദവ വിശ്വാസികളായിരുന്നു അവരെല്ലാം, അണ്ണാമലയുടെ പ്രാർത്ഥനയും സ്നേഹപൂർവ്വകമായ സമീപനരീതികളും അവരുടെ മനോഭാവത്തിൽ ഒരു മാറ്റമുണ്ടാക്കി. ആ യുവാവ് നൽകിയ നല്ല മാതൃക കാരണം ക്രിസ്തുവിനോടും ക്രിസ്തുമതത്തിനോടുമുള്ള അവരുടെ മതിപ്പ് വളരെയേറെ വർദ്ധിച്ചു. എങ്കിലും മിക്കവാറും അവരാരും തന്നെ അത്രവേഗം ജ്ഞാനസ്നാനം സ്വീകരിച്ച് ക്രിസ്തുമതത്തിൽ ചേരാൻ മുന്നോട്ടുവന്നില്ല. ഇവരൊക്കെ രക്ഷപ്രാപിക്കുമോ? കാരണം ജ്ഞാനസ്നാനം രക്ഷയ്ക്ക ആവശ്യമാണെന്ന് യേശു തന്നെ ഊന്നിപ്പറയുന്നു: ''സത്യം സത്യമായി ഞാൻ നിന്നോടു പറയുന്നു, ജലത്താലും ആത്മാവിനാലും ജനിക്കുന്നില്ലെങ്കിൽ ഒരുവനും ദൈവരാജ്യത്തിൽ പ്രവേശിക്കുക സാദ്ധ്യമല്ല'' (യോഹ. 3, 5). സ്വർഗ്ഗാരോഹണവേളയിൽ എല്ലാ ജനതകളോടും അവരെ ജ്ഞാനസ്നാനപ്പെടുത്താനും യേശു ശിഷ്യന്മാരോടു കല്പിക്കുന്നു: ''വിശ്വസിച്ച് സ്നാനം സ്വീകരിക്കുന്നവൻ രക്ഷിക്കപ്പെടും'' (മാർക്ക്. 16, 16). അപ്പോൾ യേശുവിലുള്ള വിശ്വാസം പരസ്യമായി ഏറ്റുപറയാതിരിക്കുകയും ജ്ഞാനസ്നാനം സ്വീകരിക്കാതിരിക്കുകയും ചെയ്യുന്നവരാരും രക്ഷപ്രാപിക്കുകയില്ലേ? ഇതിന് കത്തോലിക്കാ സഭയുടെ മതബോധനം എന്ന ഗ്രന്ഥത്തിൽ സഭ നൽകുന്ന ഉത്തരമിതാണ്: ''ജ്ഞാനസ്നാനമല്ലാതെ ശാശ്വത സൗഭാഗ്യത്തിലേയ്ക്കുള്ള പ്രവേശനം ഉറപ്പുവരുത്തുന്ന മറ്റൊരു ഉപാധിയെപ്പറ്റി സഭയ്ക്ക് അറിവില്ല. അതുകൊണ്ടാണ് ജ്ഞാനസ്നാനം സ്വീകരിക്കാൻ സാധിക്കുന്നവരെല്ലാം 'ജലത്താലും പരിശുദ്ധാത്മാവിനാലും വീണ്ടും ജനിക്കണം' എന്ന് കർത്താവിൽ നിന്നു സ്വീകരിച്ച ദൗത്യം അവഗണിക്കാതിരിക്കാൻ സഭ ശ്രദ്ധിക്കുന്നത്. ദൈവം രക്ഷയെ ജ്ഞാനസ്നാനം എന്ന കൂദാശയുമായി ബന്ധിപ്പിച്ചിരിക്കുന്നു; എന്നാൽ അവിടുന്ന് തന്റെ കൂദാശകളാൽ ബന്ധിതനല്ല.'' അതായത് രക്ഷയിലേയ്ക്കുള്ള സുഗമവും സുരക്ഷിതവുമായ മാർഗ്ഗം ജ്ഞാനസ്നാനം തന്നെയാണ്. എന്നാൽ തങ്ങളുടെ മനഃസാക്ഷിയനുസരിച്ച് നല്ല ജീവിതം നയിക്കുന്നവരെ, അവർ ഏതു ജാതിമതവിഭാഗത്തിലുള്ളവരായിരുന്നാലും, അവരെ രക്ഷിക്കാൻ നമുക്ക് അജ്ഞാതമായ മാർഗ്ഗങ്ങൾ ദൈവത്തിന് പലതുണ്ട്. കാരണം, ''എല്ലാവരും രക്ഷിക്കപ്പെടണമെന്നും സത്യം അറിയണമെന്നുമാണ് അവിടുന്ന് ആഗ്രഹിക്കുന്നത്'' (1 തിമോ. 2, 4).

കർത്താവിന്റെ ജ്ഞാനസ്നാനത്തിരുന്നാൾ ആഘോഷിക്കുന്ന ഈ പുണ്യദിനത്തിൽ ജ്ഞാനസ്നാനത്തിലൂടെ നമുക്ക് ലഭിച്ച വരദാനങ്ങളെ അനുസ്മരിക്കുകയും അവയിൽ അഭിമാനിക്കുകയും നല്ല ദൈവത്തിന് നന്ദിയർപ്പിക്കുകയും ചെയ്യാം. ജ്ഞാനസ്നാന വാഗ്ദാനങ്ങൾക്കനുസൃതമായ സുകൃതജീവിതം നയിക്കാൻ നമ്മെത്തന്നെ സമർപ്പിക്കാം. ജ്ഞാനസ്നാനത്തിലൂടെ ദൈവം നൽകുന്ന വരദാനങ്ങൾ സ്വീകരിക്കാനുള്ള വെളിച്ചം എല്ലാ ജനതകൾക്കും നൽകണമെന്നും അങ്ങനെ ക്രിസ്തുവിൽ ഒരു സ്നേഹസമൂഹമായി രൂപാന്തരപ്പെടുവാനുള്ള അനുഗ്രഹം എല്ലാ ജാതികളുടെ മേലും വർഷിക്കണമെന്നും നമുക്ക് ദൈവത്തോടു പ്രാർത്ഥിക്കാം. ദൈവം നിങ്ങളെ അനുഗ്രഹിക്കട്ടെ!